സുപ്രഭാതം

29 July 2023

# മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണ മാതൃക അടുത്തറിഞ്ഞ് യു.എസ് വിദ്യാർഥികൾ

കൊച്ചി • കേരളത്തിലെ മത്സ്യമേഖലയിൽ സ്ത്രീകളുടെ നേതൃത്വത്തിൽ നടന്നുവരുന്ന ചെറുകിട സംരംഭങ്ങൾക്ക് പ്രശംസ ചൊരിഞ്ഞ് അമേരിക്കൻ വിദ്യാർഥികൾ. മത്സ്യമേഖലയെ കുറിച്ച് മനസിലാക്കാനെത്തിയ മിഷിഗൺ സ്റ്റേറ്റ് യുണിവേഴ്സിറ്റിയിൽ (എം.എസ്.യു) നിന്നുള്ള 10 വിദ്യാർഥികളും രണ്ട് അധ്യാപകരുമാണ് മത്സ്യമേഖലയിലെ സ്ത്രീശാക്തീകരണ മാതൃക അടുത്തറിഞ്ഞത്.



സി.എം.എഫ്.ആർ.ഐയുമായുള്ള സഹകരണത്തിന്റെ അടിസ്ഥാനത്തിൽ കേരള സന്ദർശനത്തിനെത്തിയ അമേരിക്കയിൽ നിന്നുള്ള വിദ്യാർഥി സംഘം

തീരമൈത്രി യൂനിറ്റുകൾ, സ്വയംസഹായക വനിതാ സംഘങ്ങൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ മത്സ്യകൃഷി, കൂടുകൃഷി, കല്ലുമ്മക്കായ കൃഷി, മൂല്യവർധിത ഉൽപാദനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതാസംരംഭങ്ങൾ സംഘം സന്ദർശിച്ചു.

കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനവും മിഷിഗൺ സ്റ്റേറ്റ് യൂനിവേഴ്സിറ്റിയും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിലായിരുന്നു സംഘത്തിന്റെ പഠനപരിശീലനയാത്ര. മത്സ്യമേഖലയിൽ ഉപജീവനം നടത്തുന്നവരുടെ സാമൂഹികസാമ്പത്തിക നിലവാരം മനസിലാക്കാനായി 15 ദിവസം കേരളത്തിൽ ചെലവിട്ട ശേഷമാണ് സംഘം മടങ്ങിയത്.

ചെറുകിടസംരംഭകർക്കിടയിൽ നിലനിൽക്കുന്ന സംഘബോധം, കുടുംബശ്രീകൾ നടത്തുന്ന മത്സ്യമൂല്യവർധിത ഉൽപാദനയൂനിറ്റുകൾ, മത്സ്യത്തൊഴിലാളി വനിതാ സഹായക സംഘത്തിന്റെ (സാഫ്) പ്രവർത്തനങ്ങൾ തുടങ്ങിയവ സംഘത്തിന്റെ പ്രശംസ പിടിച്ചുപറ്റി. സി.എം.എഫ്.ആർ.ഐയുടെ ഗവേഷണപ്രവർത്തനങ്ങളെക്കുറിച്ചറിയാൻ ഡയറക്ടർ ഡോ.എ ഗോപാലകൃഷ്ണനുമായും വിവിധ വകുപ്പു മേധാവികളുമായും ആശയവിനിമയവും നടത്തി.

അധ്യാപകരായ പ്രൊഫ. ലിൻഡ റാസിയോപി, പ്രൊഫ. സെജൂറ്റി ദാസ്ഗുപത എന്നിവരുടെ നേതൃത്വത്തിൽ മിഷിഗൺ സർവകലാശാലയുടെ ജെയിംസ് മാഡിസൺ കോളജിൽ ബിരുദപഠനം നടത്തുന്നവരാണ് കേരളത്തിലെത്തിയത്. എറണാകുളം, തിരുവനന്തപുരം, ഇടുക്കി ജില്ലകളിലായി ഹാർബറുകൾ, മത്സ്യവിപണന കേന്ദ്രങ്ങൾ, ചീനവല യൂനിറ്റുകൾ, കൂടുമത്സ്യകൃഷി, കല്ലുമ്മക്കായ കൃഷിയിടങ്ങൾ, സ്ത്രീസംരംഭക യൂനിറ്റുകൾ, മത്സ്യവകുപ്പിന്റെ സ്ഥാപനങ്ങൾ, സ്വയംതൊഴിൽ സംരംഭങ്ങൾ, അടുക്കള കൃഷികൾ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. മൂന്നാം തവണയാണ് എം.എസ്.യു വിദ്യാർഥികൾ സി.എം.എഫ്.ആർ.ഐയിലെത്തുന്നത്.